# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1663** **14/08/2017-ന് മറുപടിക്ക്**

**<u>തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ ഗ്രേഡ് നിയമനങ്ങൾ</u>**

**<u>ചോദ്യം</u>**

ശ്രീ. കെ.എസ്.ശബരീനാഥൻ

**<u>ഉത്തരം</u>**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതുവരെ നിയമനം നൽകി; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലെ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ 7167 ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുവരെ 739 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ 170 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യാൻ ശേഷിക്കുന്നു. |
| (ബി) | ജില്ലയിൽ കഴിഞ്ഞ തവണ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നത്; ഇതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിരുന്നു; | (ബി) | തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലേക്ക് 29.06.2012 തീയതിയിൽ പ്രസിദ്ധീകരിച്ച മുൻ റാങ്ക് പട്ടികയിൽ 5770 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. ഈ ലിസ്റ്റിൽ നിന്നും 1940 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ജില്ലയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര തവണ നിയമന ശുപാർശ നൽകിയിട്ടുണ്ട്; ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നിയമന ശുപാർശകൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ കുറവാണെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 9 (ഒൻപത്) തവണ നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി നിയമന ശിപാർശ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് ഉന്നത യോഗ്യതയുള്ളവരെ ഒഴിവാക്കി മുൻകാല പ്രാബല്യത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; നിലവിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യത ഉള്ളവരെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ കാലയളവിൽ തിരുവനന്തപുരം ജില്ല ഉൾപ്പെടെയുള്ള ജില്ലകളിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടന്നിരുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ബിരുദധാരികളെ ഒഴിവാക്കിക്കൊണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത പരിഷ്കരിച്ച് പുറപ്പെടുവിച്ച 1.7.2011-ലെ സ.ഉ.(എം.എസ്) 21/11/ഉഭപവ ഉത്തരവിന്, ടി ഉത്തരവിന്റെ തീയതി (01.07.2011) മുതൽ പ്രാബല്യം നൽകിക്കൊണ്ട് 1966-ലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം 4.6.2016-ലെ സ.ഉ.(പി) 12/2016/ഉഭപവ മുഖേന ഭേദഗതി ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ യോഗ്യതാ ഭേദഗതിയ്ക്ക് മുൻപ് നിലനിന്നിരുന്ന യോഗ്യത പ്രകാരം 14 ജില്ലകളിലേയ്ക്കും തയ്യാറാക്കപ്പെട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിയ്ക്കാതിരിയ്ക്കുന്നതിനായി ഒരു 'saving clause' ഉൾപ്പെടുത്തിക്കൊണ്ടും യോഗ്യതാ പരിഷ്കാരത്തിന്റെ പ്രാബല്യം 4/6/2016 മുതലായി മാറ്റം വരുത്തിക്കൊണ്ടും 03.12.2016 തീയതിയിലെ G.O.(P) No.30/16/P&ARD പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ വീണ്ടും ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത 'saving clause' പ്രകാരം യോഗ്യത പരിഷ്കരണത്തിനു മുൻപ് നടത്തിയ പരീക്ഷകളിൽ നിന്നും തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നടത്തുന്നതിന് തടസ്സമില്ല. അതിനാൽ നിലവിലെ റാങ്ക് പട്ടികയിൽ നിന്നും ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പി.എസ്.സി ഒഴിവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകളും എൻ.ജെ.ഡി ഒഴിവുകളും റിപ്പോർട്ട് ചെയ്താൽ നിയമന ശുപാർശകൾ എത്ര സമയ പരിധിക്കുള്ളിൽ നല്കണമെന്നുള്ളതിന്റെ വിശദാംശം നൽകാമോ; | (ഇ)യും (എഫ്)ഉം | റാങ്ക് പട്ടിക നിലവിലുള്ളപ്പോൾ, മറ്റ് നിയമ തടസ്സങ്ങൾ ഒന്നുമില്ലാത്ത സാഹചര്യത്തിൽ, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് കാലതാമസം കൂടാതെ പി.എസ്.സി. നിയമന ശിപാർശ നൽകി വരുന്നുണ്ട്. |
| (എഫ്) | സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലാണ് ഏറ്റവും കൂടുതൽ എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടാവുന്നതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എൻ.ജെ.ഡി ഒഴിവുകൾക്ക് പകരമായി നിയമന ശുപാർശകൾ നൽകുന്നതിലെ കാലതാമസം കാരണം ബന്ധപ്പെട്ട വകുപ്പുകളിൽ ജോലി സംബന്ധമായ ബുദ്ധിമുട്ടും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നതും ഉണ്ടാകുന്നത് ഗൗരവമായി കാണുമോ; ഇതിന് പരിഹാരമായി എൻ.ജെ.ഡി ഒഴിവുകൾ നികത്തുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ